(23) തിരുവനന്തപുരം സിറ്റിയിൽ ഓവർ ബ്രിഡ്ജ് ഭാഗത്തുണ്ടാകുന്ന ട്രാഫിക്ക് തടസ്സം

ശ്രീ. എൻ. ശക്തൻ നാടാർ : സർ, ഞാൻ തലസ്ഥാന നഗരിയിലെ വാഹന യാത്രക്കാരുടെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. തിരുവനന്തപുരത്ത് ഓവർ ബ്രിഡ്ജ് വഴി കടന്നുപോകുന്ന വാഹനങ്ങൾ ട്രാഫിക് തടസ്സം മൂലം കുറഞ്ഞത് 15 മിനിട്ടു സമയമെങ്കിലും വെയിറ്റു ചെയ്യേണ്ട സ്ഥിതി വിശേഷമാണുള്ളത്. ഒരു കിലോമീറ്ററോളം ദൂരം വാഹനങ്ങൾ നീണ്ടുകിടക്കുന്നത് കാണാൻ കഴിയും. വളരെ അത്യാവശ്യമായ കാര്യങ്ങൾക്കു പോലും ഉദാഹരണത്തിന് സീരിയസ്സായ അസുഖം മൂലം ആശുപത്രിയിൽ കൊണ്ടുപോകേണ്ട രോഗികളെപോലും ഇതിൽനിന്ന് ഒഴിച്ചു നിർത്താൻ കഴിയുന്നില്ല. അവരും അവിടെ വെയിറ്റ് ചെയ്യേണ്ടി വരുന്നു. അതുപോലെ തന്നെ ഒരു ദിവസം ആറും ഏഴും പ്രാവശ്യം അതുവഴി പോകുന്ന വാഹനങ്ങൾ പത്തുപതിനഞ്ചു മിനിട്ട് അവിടെ വെയിറ്റ് ചെയ്യുന്നതുമൂലം ഒരു ദിവസം ഒന്നും രണ്ടും മണിക്കൂർ ഒരു ബസ്സിന് നഷ്ടപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ആ റോഡിന്റെ വീതി അടിയന്തിരമായി വർദ്ധിപ്പിച്ച് മറ്റു സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ഇന്നുള്ളതുപോലെ രണ്ട് ലൈനെങ്കിലും സ്ഥിരമായി ഉണ്ടാക്കി എപ്പോഴും വാഹനങ്ങൾക്ക് പോകാനുള്ള സ്ഥിതി ഉണ്ടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. ആവുക്കാദർകുട്ടി നഹ) : ഓവർബ്രിഡ്ജ് ഭാഗത്ത് വാഹന ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടെന്നുള്ളത് ശരിയാണ്. അതു മനസ്സിലാക്കികൊണ്ട് 1979-ൽ തന്നെ 11 ലക്ഷം രൂപ ചെലവു വരുന്ന ഒരു പ്ലാൻ അംഗീകരിക്കുകയും സ്ഥലം എടുക്കാനുള്ള നടപടികൾ നടന്നു വരുകയുമാണ്. അതുകൊണ്ട് മാത്രം ഇത് പൂർത്തിയാകുമെന്നുള്ള വിശ്വാസം ഗവൺമെൻറിനില്ല. ഈ ഭാഗത്ത് എങ്ങനെ വാഹന ഗതാഗതം കുറയ്ക്കാൻ കഴിയുമെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ശ്രീകുമാർ ജംഗ്ഷൻ മുതൽ നന്ദാവനം വരെയുള്ള റോഡ് വീതികൂട്ടി ഒരു സമാന്തര റോഡായി രൂപപ്പെടുത്തുന്നതിന് 30 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം എടുക്കാനുള്ള നടപടികൾ നടന്നുവരുകയാണ്. ഇത് പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ഈ ജംഗ്ഷൻ നാഷണൽ ഹൈവേയുടെ അർബൻ ലിങ്ക് ആയതിനാൽ ഇതിന്റെ പരിഷ്കരണത്തിനാവശ്യമായ ചെലവ് സ്റ്റേറ്റ് ഗവൺമെൻറ്തന്നെ വഹിക്കേണ്ടതുണ്ട്. സ്റ്റേറ്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സുഗമമായ ഗതാഗതത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(24) ചിറ്റൂർ നിയോജക മണ്ഡലത്തിലെ മല്ലേപ്പള്ളി പഞ്ചായത്തിലും അതിർത്തി പ്രദേശങ്ങളിലും നടക്കുന്ന മോഷണവും പിടിച്ചുപറിയും

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, എന്റെ നിയോജകമണ്ഡലത്തിൽ മല്ലേപ്പള്ളി പഞ്ചായത്തിലും അതിർത്തി പ്രദേശങ്ങളിലും കഴിഞ്ഞ ജൂലൈമാസം 21-ാം തീയതിതൊട്ട് നിരന്തരമായി മോഷണവും പിടിച്ചുപറിയും നടക്കുകയാണ്. മൂന്നു പരാതികൾ പോലീസ് സ്റ്റേഷനിൽ കൊടുത്തു. ഇനി പരാതി കൊടുക്കുന്നില്ലെന്നു വച്ചു. കാരണം പോലീസിൽ പരാതി കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്താൽ സർക്കിൾ ഇൻസ്പെക്ടർ പറയുന്നത് നിങ്ങൾപോയി കള്ളനെ പിടിച്ചു കൊണ്ടുവാ എന്നാൽ ഞാൻ നോക്കാം എന്നാണ്. അവിടെ 17 വീട്ടിൽ കള്ളൻ കയറി. ഞായറാഴ്ച ആറുവീട്ടിലാണ് മോഷണം നടന്നത്. ഏലിപ്പറമ്പിൽ അപ്പുവിന്റെ വീട്ടിലും അജരാരത്തിൽ പത്മനാഭൻ പോറ്റിയുടെ വീട്ടിലും കള്ളൻ കയറി. അപ്പുവിന്റെ ഭാര്യയുടെ കഴുത്തിൽ നിന്നും മൂന്നു പവൻ തൂക്കം വരുന്ന സ്വർണ്ണമാല കള്ളൻ കൊണ്ടുപോയി. പത്മനാഭൻപോറ്റിയുടെ ഭാര്യ രുഗ്മിണി ഇല്ലത്തമ്മയുടെ കഴുത്തിൽ നിന്നും രണ്ടു പവൻ തൂക്കംവരുന്ന സ്വർണ്ണമാലയും കള്ളൻ പൊട്ടിച്ചുകൊണ്ടു പോയി. ആഭ്യന്തരമന്ത്രിയുടെ പാർട്ടിക്കാരായ (എ) കോൺഗ്രസ്സുകാർ അവിടെ ഒരു കളി നടത്തുന്നുണ്ട്. അതുകൊണ്ട് അതിർത്തിയിലെ സകല ക്രിമിനലുകളും അവിടെ വരുകയാണ്. സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള ആളുകൾ കൂട്ടുനിന്നുകൊണ്ടാണ് ഇത് ചെയ്യുന്നത്. ഈ കളി നടത്തുന്നതുകൊണ്ടാണ് സകല ആളുകളും അവിടെവന്ന് പിടിച്ചുപറിയും മോഷണവും നടത്തുന്നത്. പോലീസിനെകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരാഴ്ചയായിട്ട് അവിടത്തെ ആളുകൾ ഉറങ്ങിയിട്ടില്ല. പത്തുപതിനഞ്ച് ആളുകൾ കാവൽ നിൽക്കുകയാണ്. പോലീസിൽ പരാതിപ്പെട്ടാൽ യാതൊരു ഫലവുമില്ല. ഇതിനാവശ്യമായ നടപടികൾ എടുക്കണം.

ആഭ്യന്തരമന്ത്രി (ശ്രീ. വയലാർ രവി) : സർ, കേരളത്തിന്റെ അതിർത്തി പ്രദേശമായ ഈ സ്ഥലത്ത് മോഷണവും പിടിച്ചുപറിയും ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചു പോന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒന്നുരണ്ടു പരാതികൾ, സ്വർണ്ണമാല പൊട്ടിച്ചുകൊണ്ടുപോയത് ഉൾപ്പെടെ ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനങ്ങളിൽ കേസെടുക്കുക മാത്രമല്ല ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിതന്നെ നേരിട്ട് പോലീസ് സൂപ്രണ്ടിന്റെ അടുത്ത് പരാതിപ്പെട്ടതിനെതുടർന്ന് അന്നുതന്നെ ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു കോമ്പിംഗ് ഓപ്പറേഷൻ നടത്തി കുറെയേറെ ആളുകളെ പിടിക്കുകയും രാത്രി ആരെ കണ്ടാലും ചോദ്യം ചെയ്യാൻ പ്രോത്സാഹം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് രാത്രികാലങ്ങളിൽ അവിടെ നടക്കുന്നത് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അവിടെ കൂടുതൽ പോലീസിനെ ആവശ്യമാണെങ്കിൽ അതിന് നടപടി സ്വീകരിക്കാനും ഏതെങ്കിലും കൃത്യവിലോപം ഉണ്ടാകാതെ നോക്കാനും നിർദ്ദേശം കൊടുക്കാം. ഏതെങ്കിലും ഉദ്യോഗസ്ഥൻ കൃത്യവിലോപം കാണിച്ചിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കുകയും ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യാം.

(25) മൂവാറ്റുപുഴ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. വി. ജോസഫ് : സർ, നൂറു കണക്കിന് രോഗികൾ ദിവസേന വരുന്ന മൂവാറ്റുപുഴ ആശുപത്രിയിൽ നിന്നുതിരിയാൻ ഇടമില്ല. പ്രസവ വാർഡിലാണെങ്കിൽ നിലത്തും വരാന്തയിലുമൊക്കെ സ്ത്രീകൾ കിടക്കുന്നു. നൂറു ബെഡ്ഡുള്ള വാർഡ് പണിയാൻ പ്രപ്പോസൽ ഉണ്ടായി അതിനുള്ള നടപടി സ്വീകരിച്ചുവെങ്കിലും പുരോഗതി ഉണ്ടായിട്ടില്ല. അവിടത്തെ ടി. ബി. വാർഡ് നനഞ്ഞൊലിക്കുകയാണ്. സ്വീപ്പേഴ്സ് ഇല്ല; ആവശ്യത്തിനുള്ള മരുന്നില്ല. വളരെയധികം രോഗികൾ വരുന്ന മൂവാറ്റുപുഴ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ വാർഡ് പണിയുന്നതിനും നനഞ്ഞൊലിക്കുന്ന സ്ഥിതി മാറ്റാനും സ്വീപ്പേഴ്സിനെ നിയമിക്കാനും നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly